# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2718 19-12-2012 ൽ മറുപടിക്ക്

## ശ്രീ. കെ. ജയചന്ദ്രൻ നായരുടെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. പി. കെ. ഗുരുദാസൻ** | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സീനിയോറിറ്റി പ്രകാരം നിയമിക്കപ്പെടേണ്ട ശ്രീ. കെ. ജയചന്ദ്രൻ നായരെ ഒഴിവാക്കി ജൂനിയറെ നിയമിച്ചതായ പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) ശ്രീ. കെ. ജയചന്ദ്രൻ നായർ, മെഡിക്കൽ ഗ്രൗണ്ടിൽ തിരുവനന്തപുരം ജില്ലയിൽ സ്ഥലംമാറ്റം ലഭിക്കുന്നതിനു വേണ്ടി അയച്ച അപേക്ഷകൾ പരിഗണിച്ചിരുന്നുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കുമോ ; | (ബി) പരിഗണിച്ചിരുന്നു. |
| (സി) ശ്രീ. കെ. ജയചന്ദ്രൻ നായർക്കു പകരം ആരെയൊക്കെ തിരുവനന്തപുരം ജില്ലയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട് ? | (സി) ശ്രീ. കെ. ജയചന്ദ്രൻ നായരുടെ സ്ഥലംമാറ്റ അപേക്ഷ ലഭിച്ചതിനു ശേഷം ശ്രീ. റ്റി. പി. ഗോപിനാഥൻ, ശ്രീ. കെ. രവീന്ദ്രൻ നായർ എന്നിവരെ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ 31-05-2012-ൽ ഉണ്ടായ റിട്ടയർമെന്റിനെ തുടർന്ന് എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വരുകയും ടി ഒഴിവിലേയ്ക്ക് റിട്ടയർ ചെയ്യുന്നതിന് 2 മാസം മാത്രമുണ്ടായിരുന്ന ശ്രീ. റ്റി. പി ഗോപിനാഥനെ 15-05-2012-ലെ 714/12/എൽ.ബി.ആർ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയുമുണ്ടായി. ശ്രീ. റ്റി. പി. ഗോപിനാഥൻ, 31-07-2012-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ടി ഒഴിവിലേയ്ക്ക് സെലക്റ്റ് ലിസ്റ്റ് പ്രകാരം അടുത്ത ആളായ ശ്രീ. കെ. രവീന്ദ്രൻ നായരെ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയുണ്ടായി. |

ശ്രീ. ജയചന്ദ്രൻ നായരുടെ അപേക്ഷകളിൽ സ്ട്രോക്ക് വന്ന് ചികിത്സയിലായിരുന്നു എന്ന് ടിയാൻ തന്നെ കാണിച്ചിരുന്നതുകൊണ്ടും ഭാരിച്ച ഉത്തരവാദിത്വങ്ങളോടെ സമയബന്ധിതമായി നടപ്പിലാക്കേണ്ട കമ്പ്യൂട്ടറൈസേഷൻ, എംപ്ലോയബിലിറ്റി സെന്ററിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക എന്നീ ജോലികൾ നിർവ്വഹിക്കുന്നതിന്, സ്ട്രോക്ക് മൂലം രോഗബാധിതനായ ശ്രീ. ജയചന്ദ്രൻ നായർക്ക് അസാദ്ധ്യമായതിനാലാണ് ടിയാനെ ആ തസ്തികയിൽ നിയമിക്കാതിരുന്നത്.

സെക്ഷൻ ഓഫീസർ